LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുണ്ട് (20% തുക വകയിരുത്തിയിട്ടുള്ള പദ്ധതി എന്ന നിലയിൽ ആദ്യ അടങ്കൽ തുകയായ 2 കോടി രൂപയ്ക്ക് 20% എന്ന നിലയിൽ 40 ലക്ഷം രൂപ 2021-22 ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 2 കോടി രൂപയിൽ നിന്ന് 3 കോടി 30 ലക്ഷം രൂപയായി അധികരിച്ചപ്പോൾ, അധികരിച്ച അടങ്കലിന്റെ 20% തുകയായ 26 ലക്ഷം രൂപ ഉചിത ശീർഷകങ്ങളിൽ കണ്ടെത്തി ഭരണാനുമതി പുറപ്പെടുവിക്കാനും അധിക തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ അധിക ധനാനുമതിക്ക് സർക്കാരിനെ സമീപിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്).

സാന്ത്വന സ്പർശം അദാലത്തിൽ 25,000 രൂപ അനുവദിച്ചിട്ടും നാളിതുവരെ ലഭിച്ചിട്ടില്ല എന്ന പരാതി

11 (392) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ യു.ഐ.ടി. കോളേജിലെ എം.കോം വിദ്യാർത്ഥിയും ക്യാൻസർ രോഗം ബാധിച്ച് മരണപ്പെട്ട ശ്രീ. രാമചന്ദ്രൻ പിള്ളയുടെ മകളുമായ കായംകുളം, ചേരാവള്ളി മുതനാട്ട് കിഴക്കതിൽ രശ്മിയുടെ പഠനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാവേലിക്കരയിൽ വച്ച് നടന്ന സാന്ത്വന സ്പർശം അദാലത്തിൽ 25,000 രൂപ അനുവദിച്ചിട്ടും നാളിതുവരെ ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക അനുവദിച്ചു എങ്കിൽ അത് ലഭ്യമാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 4-2-2021-ൽ മാവേലിക്കരയിൽ വച്ച് നടന്ന സാന്ത്വന സ്പർശം അദാലത്തിൽ ശ്രീമതി ലത, മുതനാട് കിഴക്കതിൽ, ചേരാവള്ളി, കായംകുളം സമർപ്പിച്ച അപേക്ഷയിൽ അപേക്ഷകയുടെ മകൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കണമെന്നും പഠനമുറി അനുവദിച്ച് നൽകണമെന്നുമുള്ള ആവശ്യത്തിനായി സമർപ്പിച്ച അപേക്ഷയിൽ ബഹുമാനപ്പെട്ട മന്ത്രി, വിദ്യാഭ്യാസ സഹായമായി 25,000 രൂപ അനുവദിച്ചിട്ടുള്ളതാണെന്നും എന്നാൽ വിദ്യാഭ്യാസ ആവശ്യത്തിനുള്ള അപേക്ഷയിൽ CMDRF മാനദണ്ഡപ്രകാരം തുക അനുവദിക്കുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ ടി വിഷയത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നതിനായി അപേക്ഷ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണെന്നും ആലപ്പുഴ ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷ സർക്കാരിലേയ്ക്ക് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.